ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 29.12.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാജ്യത്തിൻറെ വഴികാട്ടിയാണ് ഇന്ത്യൻ ഭരണഘടനയെന്നും, അത് കാലത്തിൻറെ പരീക്ഷണത്തെ അതിജീവിച്ചതാണെന്നും മൻകി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says that the Constitution is the guiding light of the nation and stated that it has stood the test of time in every sense of the term.**

2. സർഗ്ഗാത്മക വ്യവസായത്തിൽ വൻ സാധ്യതയുള്ള ഇന്ത്യൻ സിനിമ നമ്മുടെ സമ്പദ് വ്യവസ്ഥയെ പുതിയ ഉയരങ്ങളിലേയ്ക്ക് നയിക്കുമെന്നും പ്രധാനമന്ത്രി.

   **Indian cinema, which has huge potential in the creative industry, will take our economy to new heights, says the Prime Minister.**

3. ദക്ഷിണ കൊറിയയിൽ രാവിലെയുണ്ടായ വിമാനാപകടത്തിൽ മരിച്ചവരുടെ എണ്ണം 179 ആയി.

   **The death toll in the morning plane crash in South Korea has reached 179.**

4. കേരളത്തിൽ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി ശക്തമാക്കി സംസ്ഥാന സർക്കാർ.

   **The state government has intensified action against those who throw garbage in public places in Kerala.**

5. തൃക്കാക്കര എം.എൽ.എ ഉമ തോമസിന് വീഴ്ചയെ തുടർന്ന് ഗുരുതര പരിക്ക്.

**Thrikkakara MLA Uma Thomas suffers serious injuries after falling.**

6. സന്തോഷ് ട്രോഫി ഫുട്ബോളിൽ സർവീസസിനെ തകർത്ത് ബംഗാൾ ഫൈനലിൽ, രണ്ടാം സെമിയിൽ കേരള- മണിപ്പൂർ പോരാട്ടം. ഐഎസ്എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പൂർ എഫ് സി യെ നേരിടും.

**Bengal defeats Services in Santosh Trophy football, Kerala-Manipur clash in the second semi-final. Kerala Blasters will face Jamshedpur FC in ISL football.**

**&&&&&&&&&&&&**

## HEADLINE 1
## MANN KI BAAT -1

രാജ്യത്തിൻറെ വഴികാട്ടിയാണ് ഇന്ത്യൻ ഭരണഘടനയെന്നും, അത് കാലത്തിൻറെ പരീക്ഷണത്തെ അതിജീവിച്ചുവെന്നും മൻകി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. അടുത്ത വർഷം ജനുവരി 26 നമ്മുടെ ഭരണഘടന 75 വർഷം പൂർത്തിയാക്കുന്നത് എല്ലാവർക്കും അഭിമാനകരമായ കാര്യമാണെന്നും പ്രധാനമന്ത്രി. ഭരണഘടനയുടെ പൈതൃകവുമായി ബന്ധിപ്പിക്കാൻ തയ്യാറാക്കിയ പ്രത്യേക വെബ്സൈറ്റിൻറെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ എല്ലാവരോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

(ഹോൾഡ് പി എം വോയിസ്)

**&&&&&&&&&&&&**

## HEADLINE 2
## MANN KI BAAT-2

ലോകത്തിൽ മറ്റൊരിടത്തും കാണാനാകാത്തവിധം നാനാത്വത്തിൽ ഏകത്വം പ്രകടമാകുന്ന കാഴ്ചയാണ് അടുത്തമാസം 13 മുതൽ പ്രയാഗ് രാജിൽ നടക്കുന്ന കുംഭമേളയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. നമ്മുടെ സിനിമകളുടേയും ടി വി സീരിയലുകളുടേയും ജനപ്രീതി സർഗ്ഗാത്മക വ്യവസായത്തിലെ വൻ സാധ്യതകളാണ് കാണിക്കുന്നതെന്നും, ഇത് നമ്മുടെ സമ്പദ് വ്യവസ്ഥയെ പുതിയ ഉയരങ്ങളിലേയ്ക്ക് കൊണ്ട്പോകുന്നുവെന്നും പ്രധാനമന്ത്രി മൻകി ബാത്തിൽ പറഞ്ഞു.

**(പി. എം ഹോൾഡ് വോയിസ്)**

ഭാരതത്തിന്റെ സർഗ്ഗാത്മക കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള വലിയ അവസരമാണ് അടുത്ത വർഷം സംഘടിപ്പിക്കുന്ന ലോക ശ്രവ്യ-ദൃശ്യ-വിനോദ ഉച്ചകോടിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&**

## MANN KI BAAT -3

കായികരംഗം, ശാസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സകല മേഖലകളിലും രാജ്യം പുതിയ ഉയരങ്ങൾ തൊടുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള ആവേശം ഒരുമിച്ച് കൊണ്ടുവരുന്നതിൽ ജനപങ്കാളിത്തം സഹായിച്ചുവെന്നും, ഇത് വർദ്ധിപ്പിക്കുന്നതിനുള്ള വേദിയായി 'മൻ കി ബാത്ത്' പരിപാടി മാറിയെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി പുതുവത്സരാശംസകൾ നേർന്നു.

**&&&&&&&&&&&&**

## HEADLINE 3
## EVE SOUTH KOREA-PLANE CRASH

ദക്ഷിണ കൊറിയയിൽ ഇന്ന് രാവിലെയുണ്ടായ വിമാനാപകടത്തിൽ മരിച്ചവരുടെ എണ്ണം 179 ആയി. ആറ് ജീവനക്കാർ ഉൾപ്പെടെ 181 പേരാണ് വിമാനത്തിലുണ്ടായിരുന്നത്. രണ്ട് പേരെ രക്ഷപ്പെടുത്തി. ദക്ഷിണ കൊറിയയിലെ സിയോളിൽ നിന്ന് 290 കിലോമീറ്റർ തെക്ക് മുവാൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ ബോയിങ് വിമാനം സംരക്ഷണഭിത്തിയിൽ ഇടിച്ചുകയറിയതാണ് അപകട കാരണം.

&&&&&&&&&&&&

## HEADLINE 4
## LITTER FREE KERALA

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി ശക്തമാക്കി കേരള സർക്കാർ. ജനുവരി ഒന്നു മുതൽ ആരംഭിക്കുന്ന 'വലിച്ചെറിയൽ വിരുദ്ധ' വാരാചരണത്തിന്റെ ഭാഗമായാണിത്. നിയമലംഘകർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴിയുള്ള നിയമ നടപടികൾ കൂടുതൽ ശക്തമാക്കും. ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകളും, മാലിന്യ ശേഖരണത്തിന് ബിന്നുകളും സ്ഥാപിക്കും.

&&&&&&&&&&&&

## HEADLINE 5
## UMA THOMAS

തൃക്കാക്കര എം.എൽ.എ ഉമ തോമസിന് വീഴ്ചയെ തുടർന്ന് ഗുരുതര പരിക്ക്. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ 12000 ഭരതനാട്യം നർത്തകരെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന നൃത്ത പരിപാടിയിൽ അതിഥിയായി

പങ്കെടുക്കാൻ എത്തിയതായിരുന്നു അവർ. ഗ്യാലറിയിൽ നിന്ന് 15 അടി താഴ്ചയിലേയ്ക്ക് വീണാണ് അപകടം. തലയ്ക്ക് പരിക്കേറ്റ എം.എൽ.എ യെ ആശുപത്രിയിലേയ്ക്ക് മാറ്റി.

**&&&&&&&&&&&&**

## H1 B VISA

വിദേശത്ത് നിന്നുള്ള വിദഗ്ധ തൊഴിലാളികളെ യു.എസി.ലേക്ക് കുടിയേറാൻ അനുവദിക്കുന്ന എച്ച്-1 ബി വിസ പദ്ധതിയെ നിയുക്ത പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപ്,ന്യായീകരിച്ചു. മികച്ച പദ്ധതിയാണ് ഇതെന്ന് ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ ട്രംപ് വ്യക്തമാക്കി. അതേസമയം തന്റെ ആദ്യ ഭരണ കാലയളവിൽ വിദേശ തൊഴിലാളി വിസകൾക്ക് ട്രംപ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

**&&&&&&&&&&&&**

## PM- HUMPY

ഫിഡെ വനിതാ ലോക റാപ്പിഡ് ചെസ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയ ഗ്രാൻഡ് മാസ്റ്റർ കൊനേരു ഹംപിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇത് രണ്ടാം തവണയാണ് ഹംപിക്ക് ലോക റാപ്പിഡ് കിരീടം ലഭിക്കുന്നത്. ഈ നേട്ടം കൈവരിക്കുന്ന ഏക ഇന്ത്യക്കാരിയായ ഹംപിയുടെ കഴിവ് പ്രചോദനകരമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&**

## DAY CRICKET - BGT TEST-DAY 4

ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ നാലാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യക്കെതിരെ ഓസ്ട്രേലിയയ്ക്ക് 333 റൺ ലീഡ്. നിലവിൽ രണ്ടാം ഇന്നിംഗ്സിൽ

ഓസ്ട്രേലിയ 9 വിക്കറ്റ് നഷ്ടത്തിൽ 228 റൺ എന്ന നിലയിലാണ്. അഞ്ചു മത്സരങ്ങളുള്ള പരമ്പര നിലവിൽ 1 -1 എന്ന നിലയിലാണ്. മൂന്നാം ടെസ്റ്റ് സമനിലയിലായിരുന്നു.

## HEADLINE 6
## ISL

ഐഎസ്എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പൂർ എഫ് സി പോരാട്ടം. ജംഷഡ്പൂരിലാണ് മത്സരം. കഴിഞ്ഞ മത്സരത്തിൽ ബ്ലാസ്റ്റേഴ്സ് - മുഹമ്മദൻ എസ് സി യെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&

## HEADLINE 6 A
## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിന്റെ സെമിയിൽ കേരള-മണിപ്പൂർ മത്സരം. ഹൈദരാബാദിലാണ് കളി. ഇന്ന് ആദ്യം നടന്ന മത്സരത്തിൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് സർവ്വീസസിനെ വെസ്റ്റ് ബംഗാൾ പരാജയപ്പെടുത്തി.

&&&&&&&&&&&&

## GOVERNOR - KERALA

ശ്രീ ആരിഫ് മുഹമ്മദ് ഖാൻ കേരള ഗവർണർ സ്ഥാനത്തുനിന്ന് വിരമിച്ചു. രാജ്ഭവനിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ ചേർന്ന് അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. കേരളവുമായുള്ള ബന്ധം ഇനിയും തുടരുമെന്ന് ശ്രീ ആരിഫ് മുഹമ്മദ് ഖാൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു. നിയുക്ത കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ പുതുവത്സര ദിനത്തിൽ കേരളത്തിലെത്തും.

&&&&&&&&&&&&

## SABARIMALA

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് 5 ന് തുറക്കും. തിരുവാഭരണ ഘോഷയാത്ര ജനുവരി 12 ന് പന്തളത്തു നിന്ന് പുറപ്പെടും. പമ്പയിൽ സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ 10 ആയി ഉയർത്തും. ജനുവരി 14 നാണ് മകരവിളക്ക്.

&&&&&&&&&&&&

## CHIEF JUSTICE-HP

ജസ്റ്റിസ് ഗുർമീത് സിംഗ് സാന്ധവാലിയ ഹിമാചൽ പ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി ചുമതലയേറ്റു. ഷിംലയിലെ രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ശിവ് പ്രതാപ് ശുക്ല സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി സുഖ് വീന്ദർ സിംഗ് സുഖു, മന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&

## IMD - WEATHER

പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിൽ അടുത്ത 3 ദിവസം കനത്ത മൂടൽമഞ്ഞിനും ശൈത്യ തരംഗത്തിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ്, അസം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവിടങ്ങളിൽ താപനില 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ കുറയുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&

## DELHI POLICE BANGLADESHI MIGRANTS

ഡൽഹിയിലെ ഗുരുഗ്രാമിൽ നിന്നും അഞ്ച് സ്ത്രീകൾ ഉൾപ്പെടെ ഏഴ് അനധികൃത കുടിയേറ്റക്കാരെ ബംഗ്ലാദേശിലേക്ക് തിരിച്ചയച്ചു. ഡൽഹിയിലും എൻ.സി.ആർ മേഖലയിലുടനീളമുള്ള അനധികൃത ബംഗ്ലാദേശി കുടിയേറ്റക്കാരെ കണ്ടെത്തി കർശന നടപടിയെടുക്കാൻ ഡൽഹി ലെഫ്റ്റനൻ്റ് ഗവർണർ വിനയ് കുമാർ സക്സേന ഉത്തരവിട്ടിരുന്നു. ഇതിനെ തുടർന്നാണ് പോലീസ് നടപടി.

&&&&&&&&&&&&

## NAVI MUMBAI AIRPORT

നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിൻ്റെ റൺവേയിൽ ആദ്യ വാണിജ്യ വിമാനം വിജയകരമായി ലാൻഡ് ചെയ്തു. മുംബൈ വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന ഇൻഡിഗോ എ 320 വിമാനമാണ് നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇറക്കിയത്. തുടർന്ന് വിമാനത്തിന് എയർ സല്യൂട്ട് നൽകി.

&&&&&&&&&&&&

## AUSTRALIA -WILD FIRE

ഓസ്ട്രേലിയയിലെ ഗ്രാമ്പിയൻസ് ദേശീയോദ്യാനത്തിൽ ഉണ്ടായ കാട്ടുതീയിൽ ദുരന്തം നേരിട്ടവർക്ക് പ്രധാനമന്ത്രി ആൻ്റണി അൽബാനീസ് അടിയന്തര ധന സഹായം പ്രഖ്യാപിച്ചു. തീപിടിത്തം നേരിട്ട തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് ഫെഡറൽ, സംസ്ഥാന സർക്കാരുകളുടെ സഹായ ധനം നാളെ മുതൽ ലഭ്യമാക്കും. ഈ മാസം 6 ന് ഉണ്ടായ ഇടിമിന്നലിന് ശേഷം ആരംഭിച്ച

കാട്ടുതീയിൽ ഇതിനകം 70,000 ഹെക്ടറിലധികം കൃഷിയിടങ്ങളും ദേശീയ ഉദ്യാനവും കത്തിനശിച്ചു.

&&&&&&&&&&&&

## YOGI PREZ INVITE

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവുമായി രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. അടുത്ത മാസം പ്രയാഗ്‌രാജിൽ നടക്കാനിരിക്കുന്ന മഹാ കുംഭമേളയിൽ പങ്കെടുക്കാൻ അദ്ദേഹം രാഷ്ട്രപതിയെ ക്ഷണിച്ചു. ദശലക്ഷക്കണക്കിന് തീർഥാടകർ പങ്കെടുക്കുന്ന മഹാ കുംഭമേള ജനുവരി 13 ന് ആരംഭിച്ച് ഫെബ്രുവരി 26 ന് അവസാനിക്കും.

&&&&&&&&&&&&

## TRIPURA -PRALHAD JOSHI

ത്രിപുര റിന്യൂവബിൾ എനർജി ഡെവലപ്മെൻ്റ് ഏജൻസി കർഷകർക്കായി ഏറ്റെടുത്ത പുനരുപയോഗ ഊർജ്ജ പദ്ധതി വിലയിരുത്താൻ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി ഇന്ന് ത്രിപുരയിലെ സെപാഹിജാല ജില്ലയിലെ ചാരിലം ഗ്രാമം സന്ദർശിച്ചു. PM- KUSUM സ്കീമിന് കീഴിൽ 54 ഏക്കർ സ്ഥലത്ത് 27 SPV പമ്പുകളും LED അടിസ്ഥാനമാക്കിയുള്ള 35 SPV സ്ട്രീറ്റ് ലൈറ്റിംഗ് സിസ്റ്റങ്ങളും സ്ഥാപിച്ചതായി മന്ത്രി പറഞ്ഞു. ഈ സംരംഭങ്ങൾ കൃഷി വിജയകരമായി നടപ്പാക്കുന്നതിനും കർഷകർക്ക് ഇരട്ടി വരുമാനം ലഭിക്കുന്നതിനും സഹായിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&

## ISRO - SPADEX

ബഹിരാകാശത്ത് വച്ച് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് ദൗത്യം -'സ്പേഡെക്സ്' നാളെ വിക്ഷേപിക്കും. പി.എസ്.എൽ.വി സി-60 വിക്ഷേപണ വാഹനമാണ് 'സ്പേഡെക്സ്' മിഷൻ ഉപഗ്രഹങ്ങളെ വഹിക്കുക. നാളെ രാത്രി 9.58 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം.

&&&&&&&&&&&&
&&&&&&&&&&
&&&